സാമൂഹ്യവികസന വകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) സ്വീകരിച്ചു.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 3559.693 മെട്രിക് ടൺ

(ഡി) 13

കെട്ടിട നിർമ്മാണ തൊഴിലാളികൾ

* 73 [115] ഡോ. എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) നമ്മുടെ സംസ്ഥാനത്ത് ആകെ ഉള്ള കെട്ടിടനിർമ്മാണ തൊഴിലാളികളെത്ര;

(ബി) കെട്ടിടനിർമ്മാണ തൊഴിലാളികളുടെ സംഘടനകൾ എന്തെങ്കിലും നിവേദനങ്ങൾ ഗവൺമെൻറിൽ സമർപ്പിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അതിൽ ഉന്നയിച്ചിരിക്കുന്ന പ്രധാനപ്പെട്ട ആവശ്യങ്ങൾ എന്തെല്ലാം;

(ഡി) ഈ ആവശ്യങ്ങൾ നടപ്പാക്കുന്നതിന് ഗവൺമെൻറ് ഇതുവരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

തൊഴിൽ വകുപ്പു മന്ത്രി (ശ്രീ. കെ. ശിവദാസൻ):

(എ) 1983-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് 18101 കെട്ടിട നിർമ്മാണ തൊഴിലാളികളാണ് ഉള്ളത്.

(ബി) ഉണ്ട്.

(സി) കെട്ടിട നിർമ്മാണ തൊഴിലാളികൾക്കുള്ള നിയമ സംരക്ഷണം നടപ്പിലാക്കുക, ക്ഷേമനിധി രൂപീകരിക്കുക എന്നിവയാണ് പ്രധാനപ്പെട്ട ആവശ്യങ്ങൾ.

(ഡി) കെട്ടിട നിർമ്മാണ തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി രൂപീകരിക്കുന്നതിലേക്കായി ഒരു കമ്മീഷനെ നിയമിക്കുകയും കമ്മീഷൻറെ റിപ്പോർട്ട് വരുത്തുകയും ചെയ്തിട്ടുണ്ട്. കമ്മീഷൻറെ ശുപാർശകൾ പരിഗണിച്ചു വരുന്നു.

എൻ.ആർ.ഇ.പി. യിലും ആർ.എൽ.ഇ.ജി.പി. യിലും സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യധാന്യം

* 74 [116] ശ്രീ. എം.കെ. കേശവൻ:
,, കെ.പി. പ്രഭാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യ വികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1984-85-ൽ എൻ.ആർ.ഇ.പി. യിലും ആർ.എൽ.ഇ.ജി.പി.യിലും സംസ്ഥാനത്തിന് അനുവദിച്ച ഭക്ഷ്യധാന്യം എത്ര;

(ബി) അതിൽ എത്രയാണ് സംസ്ഥാനത്ത് ഉപയോഗിച്ചത്?

LIBRARY ARCHIVES Kerala Legislative Assembly

സാമൂഹ്യവികസന വകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) എൻ.ആർ.ഇ.പി.യ്ക്ക വേണ്ടി 13028 മെട്രിക് ടണ്ണും ആർ.എൽ.ഇ.ജി.പി.യ്ക്കുവേണ്ടി 11750 മെട്രിക്ക് ടണ്ണും ഭക്ഷ്യധാന്യം അനുവദിച്ചിട്ടുണ്ടായിരുന്നു.

(ബി) എൻ.ആർ.ഇ.പി. ജോലികൾക്കുവേണ്ടി 3327 മെട്രിക് ടണ്ണും ആർ.എൽ.ഇ.ജി.പി. ജോലികൾക്ക് വേണ്ടി 1950 മെട്രിക ടണ്ണും ഭക്ഷ്യധാന്യം ഉപയോഗിക്കുകയുണ്ടായി.

വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി

* 75 [117] ശ്രീ. സിറിയക് ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി ഉപയോഗപ്പെടുത്തി എൻ.ഇ.എസ്. ബ്ലോക്കുകൾ വഴി ഏതെല്ലാം ജോലികളാണ് ചെയ്യാനുദ്ദേശിക്കുന്നത്;

(ബി) ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തികളുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(സി) ചെയ്യാനുദ്ദേശിക്കുന്ന പ്രവർത്തികളുടെ മുൻഗണനാക്രമം നിശ്ചയിക്കുന്നത് ഡി.ആർ.ഡി.എ. യാണോ;

(ഡി) ഡി.ആർ.ഡി.എ. യുടെ ശുപാർശയില്ലാതെ ഗവൺമെൻറുതന്നെ ഏതെങ്കിലും പ്രവർത്തികൾ ഏറ്റെടുത്തു നടത്താൻ സ്പെഷ്യൽ ഓർഡർ കൊടുക്കാറുണ്ടോ?

സാമൂഹ്യ വികസനവകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) എൻ.ആർ.ഇ.പി. മുതലായ പദ്ധതികളിൽ ഏറ്റെടുത്തു ചെയ്ത റോഡുകളിൽ വന്ന കേടുപാടുകൾ തീർക്കാനാണ് ഉദ്ദേശിക്കുന്നത്.

(ബി) അവസാന ലിസ്റ്റ് തയ്യാറാക്കിക്കഴിഞ്ഞിട്ടില്ല.

(സി) ജില്ലാ കളക്ടർമാരാണ് ഇത് തീരുമാനിക്കുന്നത്.

(ഡി) ഇല്ല.

വികസന വകുപ്പ്

* 76 [118] ശ്രീ. പി. കുമാരൻ:
,, കെ.ടി. കുമാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സാമൂഹ്യവികസന വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ വികസന പ്രവർത്തനങ്ങൾ കൂട്ടിയിണക്കി നേതൃത്വം നൽകാൻ ഒരു പ്രത്യേക വികസന വകുപ്പ് രൂപീകരിക്കുന്നതാണെന്ന് ജീവനക്കാർക്ക് ഈ ഗവൺമെൻറ് ഉറപ്പ് നൽകിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അത് നടപ്പാക്കാൻ എന്തു നടപടികളെടുത്തു?

സാമൂഹ്യവികസന വകുപ്പു മന്ത്രി (ശ്രീ. പി.കെ. വേലായുധൻ):

(എ) ഈ പ്രശ്നം ഗവൺമെൻറിൻെറ പരിഗണനയിലിരിക്കുകയാണ്.

(ബി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly